# വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
## വ്യവസായ വാണിജ്യഡയറക്ടറുടെ നടപടിക്രമം
(അവതരണം: പി.എം.ഫ്രാൻസിസ്. ഐ എ എസ്)

നമ്പർ: ഇസി 1/998/17

തീയതി:18.01.2017

വിഷയം:-വ്യവസായം-ജീവനക്കാര്യം- സൗജന്യ സ്ക്കൂൾ യൂണിഫോം പദ്ധതി - യാൺ ബാങ്കുകളിൽ ഇൻസ്പെക്ടറുമാരുടെ സേവനം ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറുടെ 18.01.2017-ലെ കുറിപ്പ്.

സംസ്ഥാനത്ത് അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്ന സൗജന്യ സ്ക്കൂൾ യൂണിഫോം പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേയ്ക്ക് നാഷണൽ ഹാന്റ്ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും സംസ്ഥാനത്തെ യാൺ ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന നൂലിന്റെ ലഭ്യത അതാതു ജില്ലകൾ വീവിംഗ് സൊസൈറ്റികൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കേണ്ടിയിരിക്കുന്നു. മേൽ സാഹചര്യത്തിൽ ഓരോ യാൺ ബാങ്കിനും ലഭിക്കുന്ന ഇന്റന്റ് പ്രകാരം നൂൽ എൻ.എച്ച്.ഡി.സി-യെ അറിയിക്കുന്നുണ്ടോയെന്നും എൻ.എച്ച്.ഡി.സി-യിൽ നിന്നും ലഭിക്കുന്നുണ്ടോയെന്നും പ്രസ്തുത നൂൽ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട നെയ്ത്തുകാരൻ / സൊസൈറ്റിയ്ക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കണ്ണൂർ, കോഴിക്കോട്, എറണാകുളം, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

## ഉ ത്ത ര വ്

മേൽ വിവരിച്ച സാഹചര്യത്തിൽ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട നെയ്ത്തുകാരൻ / സൊസൈറ്റിയ്ക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കണ്ണൂർ, കോഴിക്കോട്, എറണാകുളം, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു. :

| ക്രമ നമ്പർ | യാൺ ബാങ്ക് | ഉദ്യോഗസ്ഥരുടെ പേരും തസ്തികയും മേൽവിലാസവും |
|---|---|---|
| 1 | കണ്ണൂർ ജില്ലാ യാൺ ബാങ്ക് | ശ്രീ.ടി.കെ.ലിനീഷ്, സീനിയർ സഹകരണ ഇൻസ്പെക്ടർ, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ |
| 2. | കോഴിക്കോട് യാൺ ബാങ്ക് | ശ്രീ.നിജീഷ്.ആർ, ജൂനിയർ സഹകരണ ഇൻസ്പെക്ടർ, ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട് |

| | | |
|---|---|---|
| 3. | ചേന്ദമംഗലം യാൺ ബാങ്ക് | ശ്രീ.ജോബി.ടി.വൈ, സീനിയർ സഹകരണ ഇൻസ്പെക്ടർ, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം. |
| 4. | ഇലപ്പുള്ളി കൺസോർഷ്യം, പാലക്കാട് | ശ്രീ.യു.ബാലകൃഷ്ണൻ, സീനിയർ സഹകരണ ഇൻസ്പെക്ടർ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്. |
| 5. | കളമച്ചൽ യാൺ ബാങ്ക്, തിരുവനന്തപുരം | ശ്രീ.അജിത്ത് പ്രസാദ്, സീനിയർ സഹകരണ ഇൻസ്പെക്ടർ, ജില്ലാ വ്യവസായ കേന്ദ്രം, തിരുവനന്തപുരം |
| 6. | കൈരളി യാൺ ബാങ്ക്, തിരുവനന്തപുരം | ശ്രീ.ബി.പ്രദീപ്, ഉപജില്ലാ വ്യവസായ ഓഫീസർ, ജില്ലാ വ്യവസായ കേന്ദ്രം, തിരുവനന്തപുരം |

പ്രസ്തുത ആവശ്യത്തിന് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ 30.04.2017 വരെ അതാതു യാൺ ബാങ്കുകളിൽ കഴിയുന്നതും എല്ലാ ദിവസവും ഹാജരായി മാർഗ്ഗരേഖയ്ക്കനുസൃതമായി കൃത്യസമയത്ത് തന്നെ നൂൽ ലഭിക്കുന്നതിനുള്ള അപേക്ഷയും തിരിച്ച് എൻ.എച്ച്.ഡി.സി-യിൽ നിന്ന് സമയബന്ധിതമായി നൂൽ യാൺ ബാങ്കിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ്വരുത്തേണ്ടതും ആയത് ഉടൻതന്നെ നെയ്ത്ത്കാർക്ക് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും പ്രസ്തുത ദൗത്യത്തിന്റെ പുരോഗതി എല്ലാ ദിവസവും കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലും അറിയിക്കേണ്ടതുമാണ്. യാൺ ബാങ്കുകളുള്ള ജില്ലകളിലെ ജനറൽ മാനേജർമാർ ഇക്കാര്യങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കേണ്ടതും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതും, തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രണ്ടു ഡയറക്ടറേറ്റുകളിലും അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
വ്യവസായ വാണിജ്യ ഡയറക്ടർ

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1. കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ, തിരുവനന്തപുരം.
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം കണ്ണൂർ /കോഴിക്കോട് / എറണാകുളം/ പാലക്കാട് /തിരുവനന്തപുരം
3. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടു വ്യവസായ വാണിജ്യ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
4. ഇഡി വിഭാഗം
5. സൂക്ഷിപ്പ് ഫയൽ / അധികപകർപ്പ്.

ഉത്തരവിൻ പ്രകാരം,

ജൂനിയർ സൂപ്രണ്ട്.